**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 233** **12-01-2021 - ൽ മറുപടിയ്ക്ക്**

**കോവിഡ് ടെസ്റ്റുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ ദാസൻ | | **Smt. K. K .Shailaja Teacher**<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഇതുവരെ സർക്കാർ മുൻകൈ എടുത്ത്എത്ര കോവിഡ് ടെസ്റ്റുകൾ പൂർത്തീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ; ആയത് ടെസ്റ്റുകളുടെ ടൈപ്പ് അനുസരിച്ച് വിശദമാക്കാമോ; | (എ) | 07/01/2021 വരെ ആകെ 82,85,394 (എൺപത്തി രണ്ട് ലക്ഷത്തി എൺപത്തി അയ്യായിരത്തി മുന്നൂറ്റി തൊണ്ണൂറ്റി നാല്) ടെസ്റ്റുകൾ പൂർത്തീകരിച്ചു. ടെസ്റ്റുകളുടെ ടൈപ്പ് അനുസരിച്ച് എണ്ണം അനുബന്ധം 1 ആയി ചേർക്കുന്നു. |
| (ബി) | ഓരോ ടൈപ്പ് ടെസ്റ്റുകൾക്കും ഒന്നിന് വീതം സർക്കാരിന് ചെലവാകുന്ന തുക എത്രയെന്ന് വിശദാമാക്കാമോ; | (ബി) | കോവിഡ് 19 ടെസ്റ്റ് ചെയ്യുന്നതിന് ആർ.ടി.പി.സി.ആർ ടെസ്റ്റ്, ട്രൂനാറ്റ് ടെസ്റ്റ്, ജീൻ എക്സ്പെർട്ട് /സി.ബി നാറ്റ് ടെസ്റ്റ്, റാപ്പിഡ് ടെസ്റ്റ് കാർഡ് - ആന്റിജൻ എന്നീ 4 തരത്തിലുള്ള ടെസ്റ്റ് കിറ്റുകൾക്ക് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്നും നൽകുന്ന വിലയുടെ വിവരങ്ങൾ അനുബന്ധം 2 ആയി ചേർക്കുന്നു. |
| (സി) | കോവിഡ് ടെസ്റ്റ് ചെയ്യുന്നതിനായി ഇതുവരെ കേന്ദ്രസർക്കാരിന്റെ ഭാഗത്ത് നിന്നും സംസ്ഥാന സർക്കാരിന് ലഭിച്ച സഹായങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ? | (സി) | കോവിഡ് പ്രതിരോധത്തിനായി നാഷണൽ ഹെൽത്ത് മിഷന് കേന്ദ്രവിഹിതമായി ലഭിച്ച തുക ഉപയോഗിച്ച് കോവിഡ് ടെസ്റ്റുമായി ബന്ധപ്പെട്ട താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നാഷണൽ ഹെൽത്ത് മിഷൻ വഴി നടത്തിയിട്ടുണ്ട്. 1. കേന്ദ്രാവിഷ്കൃത പദ്ധതിയായ ദേശീയ ആരോഗ്യ ദൗത്യം വഴി കോവിഡ് പരിശോധനയ്ക്കായി റിസേർച്ച് ഓഫീസർ, മൈക്രോ ബയോളജിസ്റ്റ്, ലാബ് ടെക്നീഷ്യൻ, ഡേറ്റാ എൻട്രി ഓപ്പറേറ്റർ, ക്ലീനിംഗ് സ്റ്റാഫ്, സ്റ്റാഫ് നഴ്സ്, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ എന്നീ ജീവനക്കാരെ നിയമിച്ചിട്ടുണ്ട്. 2. എത്തിപ്പെടാൻ കഴിയാത്ത ജില്ലകളിൽ സാമ്പിൾ ശേഖരണ കിയോസ്ക് വാഹനങ്ങൾ വാടകയ്ക്ക് എടുത്തിട്ടുണ്ട്. 3. ലാബുകളിൽ ആവശ്യത്തിന് മരാമത്ത് വർക്കുകൾ ചെയ്തിട്ടുണ്ട്. 4. എല്ലാ ജില്ലകളിലും മൊബൈൽ മെഡിക്കൽ ആന്റ് സർവ്വേയിലൻസ് യൂണിറ്റുകൾ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം - 1**

| | | |
|---|---|---|
| 1 | റൂട്ടീൻ സെന്റിനൽ നിരീക്ഷണ സാമ്പിൾ (RTPCR) | 2400757 |
| 2 | സിബിനാറ്റ് ടെസ്റ്റ് | 37832 |
| 3 | ട്രൂനാറ്റ് ടെസ്റ്റ് | 306266 |
| 4 | POCT PCR | 2182 |
| 5 | RTLAMP | 810 |
| 6 | ആന്റിജൻ | 5460226 |
| 7 | വിമാനത്താവള നിരീക്ഷണ സാമ്പിൾ | 77321 |
| **ആകെ** | | **8285394** |

**അനുബന്ധം 2**

| നം | ടെസ്റ്റ് | മാർച്ച്-മെയ് 2020 | ജൂൺ - ആഗസ്റ്റ് 2020 | സെപ്റ്റംബർ-നവംബർ 2020 | ഡിസംബർ 2020-ജനുവരി 2021 |
|---|---|---|---|---|---|
| 1 | ആർ.ടി.പി.സി.ആർ ടെസ്റ്റ് | Rs. 1700 to Rs. 2000 | Rs. 900 to Rs. 1000 | Rs. 400 to Rs. 500 | Rs. 275 to Rs. 350 |
| 2 | ട്രൂനാറ്റ് ടെസ്റ്റ്, | Rs. 1500 | Rs. 1500 | Rs. 1500 | Rs. 1008 |
| 3 | ജീൻ എക്സ്പെർട്ട് /സി.ബി നാറ്റ് ടെസ്റ്റ്, | Rs. 2510 | Rs. 2510 | Rs. 2214 | Rs. 2214 |
| 4 | റാപ്പിഡ് ടെസ്റ്റ് കാർഡ് - ആന്റിജൻ | ടെസ്റ്റ് കിറ്റ് ലഭ്യമല്ലായിരുന്നു | Rs. 504 to Rs. 460 | Rs. 460 to Rs. 122 | Rs 122 to Rs. 45 |